

# ഒരു നോവൽ ഓളെ വരയ്ക്കുന്നു

എഡിറ്റർമാർ:
ഡോ. ഐശ്വര്യ പി.
ബാലു മുരളീധരൻ നായർ

# ഉള്ളടക്കം

കാലത്തിന്റെ ശിലാപാളികളിൽ മനുഷ്യരെ വരയ്ക്കുന്ന ദേശം
- ഡോ. ഐശ്വര്യ പി. 9

ഒരു ദേശം തന്നെ തൂലികയാവുമ്പോൾ
- ബാലു മുരളീധരൻ നായർ 14

ആമുഖം - ഒരു നോവൽ ഓളെ വരയ്ക്കുന്നു
- മുഹമ്മദ് റാഫി എൻ.വി. 15

**നോവൽപഠനങ്ങൾ**

1. ഓർമ, കാമന, ജീവിതം
- ഷാജി ജേക്കബ് 19

2. നോവിന്റെ അലകൾ
- ഡോ. ബി. ഷിബു 33

3. ദേശത്തിന്റെയും കൈവിട്ടു പോയ കാലത്തിന്റെയും ആഖ്യാനം
- ഡോ. ഷംഷാദ് ഹുസൈൻ 35

4. ദേശവും ഓനും വരച്ചെടുത്ത നോവൽ
- ദീപ നാപ്പള്ളി 37

5. ഓർമ്മകൾ കൊണ്ട് വരച്ച ഭൂപടം
- ഡോ. പി. സുരേഷ് 41

6. ഓൻ ഓളെ വരയ്ക്കുന്നു
- യൂസഫ് നടുവണ്ണൂർ 44

7. ഒരു ദേശം 'ഓളെ' വരക്കുന്നു
- ഡോ. ശ്രീകല മുല്ലശ്ശേരി 46

8. എഴുത്തിന്റെ കരുത്തും ചന്തവും അനുഭവിപ്പിക്കുന്ന നോവൽ, "ഒരു ദേശം ഓനെ വരയ്ക്കുന്നു"
- ഡോ. അനിത എം.പി. 51

9. ദേശത്തിന്റെ മണ്ണും ഭാഷയും മണക്കുന്ന പുസ്തകം
- ഗഫൂർ കരുവണ്ണൂർ 54

10. ഗൃഹാതുരതയുടെ വിഷാദസ്ഥലികൾ:
- ആദില കബീർ 59

11. ദേശവും ദേശക്കാരും സാഹിത്യരൂപമാവുന്നു
- എം.പി. അനസ് 67

12. അഭിശപ്ത കാലത്തിൽ പിറന്ന നോവൽ
- താജ് മൻസൂർ 70

13. ഓാന്റെ ദേശം വരച്ചെടുത്ത വായനാഭൂപടങ്ങൾ
- ഡോ. സ്വപ്ന സി. കോമ്പാത്ത് 73
14. ക്ലാരയും മഴയും പോലെ സമീറയും ഗസലും
- ഹരിനാരായണൻ എസ്. 78
15. ഖസാക്കിലെ രവിയും ഒരു ദേശം ഓനെ
വരക്കുന്നുവിലെ ആഖ്യാതാവും
- റംല വി.എം. 79
16. ഓർമകളുടെയും കാമനകളുടെയും
ദേശത്തിന്റെയും പെൺഭൂപടം
- സരോജ റോജ 81
17. നോവലിലെ മലബാർ മുസ്ലിം ജീവിതവും
ഓനെയും ഓളെയും വരയ്ക്കുന്ന ദേശവും
- മുഹമ്മദ് റുമൈസ് കെ.കെ. 85
18. മൂത്തമ്മാന്റെ മയ്യത്ത് കട്ടിൽ പിടിച്ച മൂപ്പർ
- സുനിത കൂനിച്ചേരി 88
19. "ഒരുദേശം ഓനെ വരക്കുന്നു...!"
- അഷ്റഫ് എ.എൻ.കെ., നടുവണ്ണൂർ 90
20. ദേശത്തിന്റെ ഓർമ്മകൾ, നിറക്കൂട്ടുകൾ
- സി.പി. സുജാൽ 93
21. ഓർമകളിലൂടെ വരഞ്ഞ ദേശം
- പ്രജില സുരേഷ് 98
22. നോവലിലെ ജലവരമ്പുകൾ ജീവിതങ്ങളെ വരക്കുമ്പോൾ
- എൻ.കെ. സലീം 100
23. ഉമ്മാച്ചുവിന്റെ കുട്ടിക്കാലം ഓർമ്മപ്പെടുത്തുന്ന സമീറ
- ഡോ. ശിവപ്രസാദ് പി. 103
24. നോവലിലെ ചെറിയ ലോകവും ചെറിയ മനുഷ്യരും
- അൻവർ അബ്ദുള്ള 105
25. ഹലാക്കിന്റെ ദേശത്തെപ്പറ്റി രണ്ടു ഫെയ്സ്ബുക് പോസ്റ്റുകൾ
- ഡോ. കെ.എം. ഷെരീഫ് 112
26. വിന്റേജ് ടോണിൽ തിരശീലയിൽ കളിച്ച സിനിമപോലെ
ഒരു നോവൽ
- ഡോ. ഐശ്വര്യ പി. 115
27. ദേശവും വ്യക്തിനിർമ്മിതിയും
- ആർദ്ര എം.പി. 118
28. പ്രാദേശികത്വത്തിന്റെ മാധുര്യവും ചരിത്രനിർമിതിയും
'ഒരു ദേശം ഓനെ വരക്കുന്നു' എന്ന നോവലിൽ
- പ്രസൂൻ വി.എസ്. 122

# 24. നോവലിലെ ചെറിയ ലോകവും ചെറിയ മനുഷ്യരും

**അൻവർ അബ്ദുള്ള**

നോവൽ നിസ്സഹായരും ആരുമില്ലാത്തവരുമായ ആളുകളുടെ പലപാടു കരച്ചിലാണെന്ന് ആർക്കാണിന്നറിയാത്തത്? അമർത്തിയതും പൊട്ടിയതും അടഞ്ഞതും തുറന്നതും വാപൂട്ടിയതും വാവിട്ടതുമായ വിലാപവേഗങ്ങൾ! നോവലിന്റെ ചരിത്രജീവിതം പക്ഷേ, അണകെട്ടിനിർത്തിയതുപോലെ, എവിടെയെങ്കിലും തടഞ്ഞുനിൽക്കുകയല്ല. മനുഷ്യരുടേതെന്നപോലെ, നോവലിന്റെയും ചരിത്രജീവിതവും ജീവിതചരിത്രവും മാറിമറിഞ്ഞുകൊണ്ടേയിരിക്കുന്നു. അനുഭവങ്ങളുടെയും അവയെ സഞ്ചിതവും ശകലിതവുമാക്കുന്ന ഓർമകളുടെയും, അവയെ സംഭൃതമാക്കാനും പിന്നെ, പലമട്ടു വിവൃതമാക്കാനും ശ്രമിക്കുന്ന വാക്കുകളുടെയും അതിലൂടെ സമാഹൃതവും ആവിഷ്കൃതവും പ്രകാശിതവുമാകുന്ന രചനകളുടെയും എല്ലാം കാര്യം അങ്ങനെതന്നെ. ദൈവികതയ്ക്കു കൊതിച്ച മഹാമനുഷ്യരുടെ ഐതിഹാസികമായ പരാജയങ്ങളുടെ വിവരണമായ ഇതിഹാസങ്ങളിൽനിന്നു മനുഷ്യർ, മാനുഷികതയുടെ അന്തസ്സിനും സന്തുഷ്ടിക്കും കൊതിച്ച നിസ്വരുടെ മഹത്തായ പരാജയങ്ങളുടെ വിവരണമായ നോവലുകളിലേക്കു മുഴുവനായും ചിതറിത്തെറിച്ചത് പത്തൊൻപതാം നൂറ്റാണ്ടിലാണ്. പിന്നീട് ഒന്നര നൂറ്റാണ്ടോളം നോവൽ മനുഷ്യരുടെ കുതറിച്ചാട്ടം മുഴുവൻ തങ്ങളുടെ പാപപങ്കിലമായ പതിതപരിണാമങ്ങളെയാകെ, ഐതിഹാസികതയിലേക്കു പകരാൻ നോക്കി, പരിഹാസ്യപതനം പിണയാനായിരുന്നു. അതിലൂടെ, നോവൽ ഐതിഹാസികമായി വളർന്നു; മനുഷ്യരും. വളർച്ചയുടെ പടുരാക്ഷസരൂപത്തിൽ തളർന്ന നോവലും നോവൽ മനുഷ്യരും, കാലത്തിന്റെയും ലോകത്തിന്റെയും പൊയ്ക്കാൽനടത്തത്തിൽ അനുഭവകൂപങ്ങളിൽ അടിയുകയും പ്രപഞ്ചയാത്രയുടെ പഴഞ്ചൻ സ്മരണകളിൽ കിടുകിടുക്കുന്ന ബുദ്ധമണ്ഡൂകങ്ങളായിത്തീരുകയും ചെയ്തു. നിരാനന്ദത്തിന്റെ ചിരി വിടർന്നു; മന്ദഹാസം രോദനത്തെക്കാൾ വികൃതവും വിലക്ഷണവുമായി. വടിവുകളിൽ ചെറുതായിക്കൊണ്ട് നോവൽ ചരിത്രപരമായ വളർച്ച തുടർന്നു. ദൈവം രാജിവച്ച ഒഴിവിൽ, രാക്ഷസീയമായ ആകാരങ്ങളും പ്രകാരങ്ങളും പൂണ്ട, വടിവില്ലാത്തതും വിടവില്ലാത്തതുമായ പിശാച

ദൈവങ്ങളുടെ (GoDemon) ആവിർഭാവത്തോടെ, മനുഷ്യരും നോവൽ മനുഷ്യരും വീണ്ടും നാഥനുള്ളവരായി. സനാഥത്വത്തിൽനിന്ന് അനാഥ ത്വത്തിലൂടെ എത്തിച്ചേർന്ന ഈ ഘട്ടത്തിൽ വീണ്ടുമൊരു സനാഥത്വമല്ല, പകരം, കുനാഥത്വമാണുണ്ടായതെന്നു വിചാരിക്കണം. ദസ്തയെ വ്സ്കിയുടെ നോവലുകളിലും മറ്റുമുള്ളതുപോലെ, ഇനിയൊരുപക്ഷേ, നിങ്ങൾക്ക് ഫോർ ഗോഡ്സ് സേക്ക് എന്നോ ഡെവിൾ വിൽ കാച്ച് ഹിം എന്നോ ലെറ്റ് ഹെർ ഗോ റ്റു ഹെൽ എന്നോ എഴുതാൻ കഴിയണമെന്നി ല്ല. ചുരുക്കിപ്പറഞ്ഞാൽ, വലിയ ലോകവും വലിയ മനുഷ്യരും എന്ന നില യിൽനിന്ന്, ചെറിയ ലോകവും വലിയ മനുഷ്യരും എന്ന നിലയിലേക്കും പിന്നെ, വലിയ ലോകവും ചെറിയ മനുഷ്യരും എന്ന നിലയിലേക്കും മാറിയ ലോകം ഇപ്പോൾ, ചെറിയ ലോകവും ചെറിയ മനുഷ്യരും എന്ന നിലയിലേക്കു കൂപ്പുകുത്തിയിരിക്കുന്നു. അഥവാ, അടിത്തട്ടണഞ്ഞിരി ക്കുന്നു. നിതാന്തചഞ്ചലവും നിത്യാസ്വസ്ഥവുമായ അടിയൽ. ഈ അടി യലനക്കങ്ങളാണ് ഇന്നത്തെ എല്ലാ നോവലുകളുമെന്ന് ഒരു പ്രകാരത്തി ലും വികാരത്തിലും വീക്ഷണത്തിലും നോക്കിയാൽ തോന്നാം. എൻ. വി. മുഹമ്മദ് റാഫിയുടെ 'ഒരു ദേശം ഓനെ വരയ്ക്കുന്നു' എന്ന നോവലും ഇതേ കാലധർമത്തിന്റെ സാംസ്കാരികകർമമാണ് പുലർത്തുന്നത്.

റാഫിയുടെ നോവലിലും ഒരു ചെറിയ ദേശവും ഒരു ചെറിയ ഓനും ഒരു ചെറിയ ഓളും പിന്നെ, അവരെച്ചുറ്റിപ്പറ്റി അതേ ദേശത്തു വ്യാപരി ക്കുന്ന കുറേയധികം, കൂടുതൽ ചെറിയ ഓരുമാണുള്ളത്. ആഖ്യാതാവും സമീറയുമാണ് ഓനും ഓളും. കോഴിക്കോട്ടിനു വടക്കുപടിഞ്ഞാറായി, നഗരങ്ങളാലും ഇടനഗരങ്ങളാലും ചെറുപട്ടണങ്ങളാലും ചുറ്റപ്പെട്ട്, ഗ്രാ മീണതയിൽ പിൻകാലുവെച്ചുനിൽക്കുന്ന നടുവണ്ണൂർ പ്രദേശങ്ങളുടെ വികലസഞ്ചയമാണ് ഇവിടത്തെ ദേശം. ദേശത്തിന്റെ മുൻകാൽ പട്ടണ സ്വരൂപങ്ങളിലേക്കും നിരന്തരം മാറുന്ന പ്രാന്തങ്ങളുടെ പരുവങ്ങളിലേ ക്കും നീട്ടിയും ആട്ടിയും നിലകൊള്ളുന്നു. മൂത്തുമ്മയുടെ വീടും തോണി യാത്രയും സിനിമാക്കൊട്ടകകളും നാടൻ അങ്ങാടികളും പഴയ പാട്ടുകളും കളികളും കുട്ടിക്കാലസ്മരണകളും അടയാളപ്പെടുത്തുന്നത് പഴയ കാലത്തെയും പഴയ ദേശത്തെയും പഴയ മനുഷ്യരെയും കൂടിയാണ്. അപ്പോൾ, നോവലിൽ ഒരു ദേശം ഒന്നിലധികം ദേശങ്ങളാ യി മാറുന്നതുകാണാം. ഒരു കാലം ഒന്നിലധികം കാലങ്ങളായും വിടരു ന്നുണ്ട്. ഓരോ മനുഷ്യരും ഒന്നിലധികം മനുഷ്യരായി ഛിന്നഭിന്നരായി പ്പോകുന്നുണ്ട്. അതിനുപുറമേ, ഈ ദേശത്തിൽ മാത്രമായി നോവലിലെ മനുഷ്യർ (നോവൽമനുഷ്യർ) ഒതുങ്ങുന്നില്ല. അമേരിക്കയിൽ കഴിഞ്ഞു കൂടുന്നവളാണ് നോവലിലെ നായിക സമീറ. അവളും ഭർത്താവ് ബിബീഷും അങ്ങനെ ദേശത്തുനിന്ന് പാറിപ്പോകുകയും ഭൂഖണ്ഡാന്തര മായി കൂടുകൂട്ടുകയും ചെയ്തവരാണ്. എന്നാൽ, അവളുടെ ഓർമയ്ക്ക് ദേശത്ത് മറ്റൊരു ഒഴിഞ്ഞ കൂടുണ്ട്. മരം ശ്രദ്ധിക്കാത്തതും കണക്കിലെ ടുക്കാത്തതുമായ ആ കൂടുനിൽക്കുന്നത് ദേശത്തിന്റെ നിത്യനിസ്സംഗവും പിന്നാക്കമനന്തവും അന്യഥാ അദൃശ്യവുമായ മായാവനത്തിലാണ്.

അതിന്റെ വേരുകളിൽ ചിലത് വെള്ളം തേടിച്ചെല്ലുന്നത് ഓന്റെ സഞ്ചാര പഥങ്ങളിൽ മണ്ണുകാലൊപ്പുകൾ പതിപ്പിക്കുന്ന ഉറവത്തടങ്ങളിലാണ്. കൂടിനു വെള്ളം വേണ്ടെങ്കിലും അതു നിൽക്കുന്ന മരത്തിനു വെള്ളം വേണം. അങ്ങനെ, ദേശം അമേരിക്കയെയും ഉൾക്കൊള്ളുന്ന തരത്തിൽ വളരുന്നുണ്ട്. അല്ലെങ്കിൽ, പഴയ ഐതിഹാസികനോവലുകളിൽ ദേശം രാഷ്ട്രമോ ലോകമോ ആയി വളരുന്നതിനു വിരുദ്ധമായി അമേരിക്കയും ലോകവും രാഷ്ട്രവും ദേശത്തേക്കു ചുരുങ്ങിച്ചേരുന്നു. അങ്ങനെ ദേശം വലുതാകുന്നതിനുപകരം, ലോകം ചെറുതാകുന്നു. നോവൽ അതിന്റെ രചനാവിദ്യാപരമായ പ്രാരംഭത്തിനു താങ്ങാക്കിയ ലിഖിതസന്ദേശങ്ങളുടെ (എപ്പിസ്റ്റലറി) മട്ട് റാഫിയുടെ എഴുത്തുപണിയിൽ നിർണായകമായ സ്ഥാനം നേടുന്നു. അത് ഈ വിധം നോവലിനെയും നോവൽ ലോകത്തെയും ചെറുതാക്കുന്നതിൽ കാര്യമായി പണിയെടുക്കുകയും ചെയ്യുന്നു.

ആദ്യം പറഞ്ഞതുപോലെ, മങ്ങിയ കരച്ചിലുകൾ നോവലിലുടനീളം കേൾക്കാനുണ്ട്. എന്നാൽ, അതു വികാരഭരിതമല്ല. ഏറെക്കുറേ വികാരരഹിതവും അപരിഹാര്യവുമായ അവയുടെ ഉള്ള് പ്രലപനസ്വഭാവത്തിലുള്ള മൊഴിയാട്ടങ്ങളുടേതാണ്. ഭൂരിപൂക്കൾ വിടർന്നിരുന്ന സ്കൂൾ സഹപാഠജീവിതത്തിന്റെ കുട്ടിക്കാലത്ത് സമീറയെ ഓൻ സ്നേഹിച്ചിരുന്നു. പക്ഷേ, അത് പ്രേമമെന്ന ധാരണയിലേക്കു വളർന്നില്ല. ഇന്നിപ്പോൾ, മാറിയ ലോകത്തും കാലത്തും ദേശത്തും ദേശാന്തരജീവിതത്തിലും അത് ആ ധാരണയിലേക്കു മാറുന്നുണ്ട്. എന്നാൽ, അതിന് അർത്ഥമില്ല; അനർത്ഥവും. പണ്ട് ആഗ്രഹിച്ചിരുന്ന ഒരു ചുംബനം ഇന്ന് കിട്ടിയിട്ട് എന്താണു കാര്യമെന്ന് സമീറ വാക്കുവാക്കായിത്തന്ന ഓനോടു ചോദിക്കുന്നുണ്ട്. പകൽ ഉറങ്ങുകയും രാത്രിയിൽ ഉണർന്നിരിക്കുകയും ചെയ്യുന്ന മനുഷ്യരാണ് നോവലിൽ എന്നുപറയാം. ഇവിടെ പകലായിരിക്കുമ്പോൾ അമേരിക്കയിൽ രാത്രിയായിരിക്കുന്നതുകൊണ്ട്, അമേരിക്കയിലെ സമീറയ്ക്കും ദേശത്തെ ഓനും ഒരേ പകലിലോ രാത്രിയിലോ ഉണർന്നോ ഉറങ്ങിയോ പാരസ്പര്യപ്പെടാനാകുകയുമില്ല. നോവലിലെ ആവർത്തിക്കുന്ന പക്ഷിബിംബമായി വരുന്നത് വവ്വാലുകളാണ്. സസ്തനിപ്പക്ഷിയായ വവ്വാലുകൾ തറവാട്ടുവീടിന്റെ ഇരുൾത്തളങ്ങളിൽ ഇരുട്ടുകുടിച്ചുമയങ്ങുന്ന പകലുകൾ നോവലിൽ പടർന്നുകിടക്കുന്നു. അവയുടെ നിശ്ശബ്ദനൃശംസത അലയടിക്കുന്നു. ഏതിരുട്ടിലും കൂട്ടത്തോടെ വിദ്വേഷവാസനയോടെ പതിയിരിക്കുന്നതിന്റെ വിപദ്വിചാരം നോവലിന്റെ അകത്തെ മനുഷ്യരെയെന്ന പോലെ, പുറത്തെ മനുഷ്യരെയും വേട്ടയാടിത്തിമിർക്കുന്നു.

ഓനെയും ഓളെയും പോലെ ഓരെയും ദേശം വരയ്ക്കുന്നുണ്ട്. കുഞ്ഞിറായിയും ഷാഹിദയും ഗോയിന്ദേട്ടനും രാഘവൻമാഷും ഒസാൻ അസൈനാർക്കയും എല്ലാം നോവലിന്റെ മായാവനത്തിലെ മായാമരങ്ങളുടെ ചില്ലകളിൽ കൂടായും കൂട്ടിലെ ക്കിളിയായും കുടില്ലാക്കിളിയായും തത്തുന്നു. ഉണങ്ങിയതും ഉണങ്ങുന്നതും ഉണങ്ങുമ്പോഴും ആഴ

ത്തിൽ ഉണരുന്നതുമായ ഉറവകളായി നനയുന്നു. നോവലിനെ ആകമാനം നോക്കി, നഷ്ടപ്രേമം, തിരിച്ചുകിട്ടാത്ത പ്രേമത്തിന്റെ തീക്ഷ്ണവേദന, ഗൃഹാതുരത, ദേശസ്മൃതി, ബാല്യകാലസ്മരണയുടെ വേദന എന്നൊക്കെ വിഷയപരമായും ആശയപരമായും പ്രമേയപരമായും നിഗമനങ്ങളിലെത്താൻ പ്രയാസമില്ല. എന്നാൽ, ഈ സർവ്വപ്രാപ്തമായ വിഷയത്തിന്റെ കാതലായ ഒരു ആത്മസന്ദർഭത്തിലേക്ക് റാഫിയുടെ നോവൽ എത്തിച്ചേരുകയും ഉടക്കിനിൽക്കുകയും ചെയ്യുന്നുണ്ട്. അതാണ്, ഇതെഴുതുന്നയാളെ സംബന്ധിച്ചിടത്തോളം ഈ നോവലിന്റെ മുഖ്യവൈശിഷ്ട്യം.

എന്തുകൊണ്ട് ദേശവും ഓനും ഓളും ഓരും ഇങ്ങനെയായി എന്ന ചോദ്യത്തിന്റെ ഉത്തരത്തിലാണ് ആ കാതൽ (സോൾ പോയിന്റ്) കിടക്കുന്നത്.

ദേശത്തെ ഓന്റെയും ഓളുടെയും കാലമേത് എന്നാലോചിക്കുക. അതായത്, ഓന്റെയും സമീറയുടെയും ബയോഡേറ്റകൾ ഏതാണ്ട് എങ്ങനെയായിരിക്കും?

ഏറെക്കുറേ അതിനെ ഇങ്ങനെ സംഗ്രഹിക്കാം:

1974-76ൽ ജനിച്ചു. എൺപതുകളുടെ തുടക്കത്തിൽ സ്കൂൾവിദ്യാഭ്യാസമാരംഭിച്ചു (ബാല്യകൗമാരങ്ങൾ). തൊണ്ണൂറുകളുടെ തുടക്കത്തിൽ കോളേജ് വിദ്യാഭ്യാസം(കൗമാരം വിട്ട് യൗവ്വനാരംഭത്തിലേക്ക്). തൊണ്ണൂറുകളുടെ അവസാനവും പുതുസഹസ്രാബ്ദത്തിന്റെ തുടക്കത്തിലുമായി ഉന്നതഗവേഷണം, ജോലി എന്നിവകളുമായി പലപാടു പിരിഞ്ഞുപോകുന്നു (നിറയൗവ്വനം). 2000 മുതലുള്ള ഒന്നൊന്നരദശകം കൊണ്ട് വിവാഹം, കുടുംബമുറപ്പിക്കൽ, ജോലിയിൽ മുന്നേറ്റം എന്നിവ (യൗവ്വനം തീരുന്നു). 2014 - 15 മുതൽ ജീവിതത്തിന്റെ രണ്ടാംപാതിയിൽ, ഇപ്പോഴേക്കും ഇറക്കമിട്ടിരിക്കുന്ന ജീവിതത്തിൽ പ്രവേശിച്ച്, മറുകരയിലെത്തി, തോണിയും പോയ നിലയിൽ ഇക്കരെയിലേക്കു നോക്കിനിൽക്കുന്നു (മദ്ധ്യവയസ്കത).

ഈ ബയോഡേറ്റയിൽ പറയാത്ത ഒരു കാര്യം ഇവിടെ പറയട്ടെ: രണ്ടാളും ഉത്തരകേരളത്തിലെ, മുസ്ലിം കുടുംബങ്ങളിൽ ജനിച്ചവരും എന്നാൽ, സെക്കുലർ മനോഭാവം ഉള്ളിൽ വഹിക്കുന്നവരും ആണ്. രണ്ടാളും ലിബറൽ സുന്നി വിഭാഗത്തിൽപ്പെടുന്ന വരാണെന്നു കരുതാനുള്ള സൂചനകളുണ്ട്. പ്രേമം, ലൈംഗികത, വിവാഹജീവിതം എന്നിവയിൽ മതപരമായ വിദ്യാഭ്യാസവും ആധുനികവിദ്യാഭ്യാസവും ഒരേപോലെ നേടിയവരും സാമൂഹികമായ അബോധങ്ങൾ അടിഞ്ഞുകൂടിയവരും എന്നാൽ, സ്വന്തവും സ്വതന്ത്രവും സ്വച്ഛന്ദവുമായ പ്രതിവിചാരങ്ങൾ കൊണ്ടുനടക്കുന്നവരും അതിന്റെ സംഘർഷങ്ങളാൽ ഉരസി പതം വന്നുകൊണ്ടിരിക്കുന്നവരുമാണ്. ഈ ബയോഡേറ്റാകാലം അടിയന്തിരാവസ്ഥ മുതൽ നരേന്ദ്രമോഡി സർക്കാരിന്റെ ഇനിയെന്നവസാനിക്കുമെന്നറിയാത്ത വാഴ്ചാകാലം വരെയുള്ളതാണ്. ഇതേ കാലം, കത്തെഴുത്തുകളുടെയും പ്രേമലേഖനങ്ങളുടെയും പ്രാചീനതയിൽനിന്ന് വാട്സാപ്പുക

ളുടെയും ഇമോജികളുടെയും നവനാഗരികതയിലേക്കു മാറിയ കാലമാണ്. ഗോൾഡ് സ്പോട്ടിൽനിന്നു കോക്കകോലയിലേക്കും തുന്നൽപ്പീടികയിൽനിന്നു ലൂയി ഫിലിപ്പെയിലേക്കും ബാർബർ ഷാപ്പിൽനിന്നു ഹെയർ കട്ടിംഗ് സലൂണിലേക്കും മറ്റെന്തിൽനിന്നൊക്കെയോ മറ്റെന്തിലേക്കൊക്കെയോ മാറിയ കാലമാണ്. ഇതിൽ ഓരോ മാറ്റത്തിന്റെയും വിളുമ്പുകളിൽ അതിന്റെ ശരിയായ ആസ്വാദനം ചുണ്ടിനും കപ്പിനുമിടയിൽ തെന്നിമാറിപ്പോയവരാണ് ഓനും ഓളും ഓരും (റാഫിയും ഞാനും). പണ്ട് ഒരുകാലത്ത് കിട്ടുമോ എന്നറിയാതെ ആഗ്രഹിച്ച ഉമ്മ ഇന്നിനി കിട്ടിയിട്ടു കാര്യമില്ല എന്നത് ചില്ലറക്കാര്യമല്ലാതാകുന്നത് ഈയവസ്ഥയിലാണ്. പണ്ട് അതു കിട്ടുമായിരുന്നു എന്നറിയില്ലായിരുന്നു ഓന്. അതവൻ ആഗ്രഹിക്കുന്നെന്ന് ഓൾക്കും അറിയില്ലായിരുന്നു. കിട്ടുന്ന തക്കം വന്നിരുന്നെങ്കിലും വാങ്ങാമോ എന്നോ കൊടുക്കാമോ എന്നും ഓര്ക്ക് അറിയില്ലായിരുന്നു. സ്വീകാരങ്ങളെയും തിരസ്കാരങ്ങളെയും നിരാസങ്ങളെയും സംബന്ധിച്ച ഉൽക്കണ്ഠകളും അബോധങ്ങളും അവരെ മൂടിനിന്നിരുന്നു. വിമൂഢതകളുടെ ആ കാലമാണ് ഈ നോവലിൽ റാഫി എന്ന എഴുത്തുകാരൻ സമർത്ഥമായി, ശിഥിലസമഗ്രമായി വരച്ചിടുന്നത്. ഈ വിചിത്രമായ സംക്രമണകാലസഞ്ചയത്തിന്റെ ഓരോ പരിണാമസന്ദർഭത്തിലും, ഓരോ ചരിത്രഘട്ടത്തിലും, തങ്ങളുടെ പ്രായത്തിന്റെയും അതിനു സംബന്ധമായ അഭിലാഷങ്ങളുടെയും അതിനെ തടുക്കുന്ന താക്കീതുകളുടെയും വിളുമ്പുകളിലാണ് ഓനും ഓളും കടന്നുപോകുന്നത്. മോഹസാഫല്യസാദ്ധ്യതയുണർത്തിയ, യന്ത്രങ്ങളുടെ അനിയന്ത്രിതമായ വിളയാട്ടങ്ങളുടെ ഓരോ ആഘോഷവരവുകളിലും ഓര് സ്വയം അതിന്റെ ഉപഭോക്താക്കളോ വിമർശകരോ എന്നറിയാതെ ആധിപൂണ്ടു. അങ്ങനെ ഈ കാലത്തിന്റെ ഓരോ മറിമായത്തിലും അവർക്കതിന്റെ സാഫല്യം കൈമോശം വന്നു. ഒരിക്കലും ഉമ്മ കിട്ടേണ്ട കാലത്തു കിട്ടേണ്ടതുപോലെ കിട്ടിയില്ലെന്നുതന്നെയല്ല, കിട്ടേണ്ടതില്ലാത്ത കാലത്ത് കിട്ടേണ്ടതല്ലാത്ത വിധത്തിൽ കിട്ടുകയും ചെയ്തു. പാലു പിരിയുന്ന സമയങ്ങളിലെല്ലാം അവർ അബോധവ്യഗ്രതകളാൽ ഉദാസീനരായിരുന്നു.

അങ്ങനെ റാഫിയുടെ നോവൽ, നാലുകെട്ടിലെ അപ്പുവിന്റെ, സുൽത്താൻ വീട്ടിലെ ഉമ്മർകോയയുടെ, കാലത്തിലെ സേതുവിന്റെയും സുമിത്രയുടെയും ഖസാക്കിലെ രവിയുടെയും പത്മത്തിന്റെയും ആൾക്കൂട്ടത്തിലെ സുനിലിന്റെയും ലളിതയുടെയും പിൻതലമുറയിൽവന്നുകൂടുന്നു. എന്നാലവരുടെ മക്കളെല്ല, നേരേ അടുത്ത തലമുറയല്ല. ഖസാക്ക് 1968ൽ വരുന്നെങ്കിലും 1951ലാണു സംഭവിക്കുന്നത്. ആൾക്കൂട്ടം 1970ൽ വരുമ്പോൾ ഐക്യകേരളത്തിലെ രണ്ടാമത്തെ പൊതുതെരഞ്ഞെടുപ്പു കഴിഞ്ഞിട്ടേയുള്ളൂ.

ഐതിഹാസികതയിൽനിന്നും ദൈവികസാന്നിദ്ധ്യത്തിൽനിന്നും സനാഥത്വത്തിൽനിന്നും മാത്രമല്ല, അനാഥത്വത്തിൽനിന്നുപോലും വിട്ടുപോന്ന മനുഷ്യരുടെ വിലക്ഷണമായ കരച്ചിലുകളാണ് എൻ. വി. മുഹമ്മ

ദ് റാഫിയുടെ 'ഒരു ദേശം ഓനെ വരയ്ക്കുന്നു' എന്ന നോവൽ. അത്, 1970-2020 എന്ന അരനൂറ്റാണ്ടുകാലത്തെ സ്ഥൂലവും 1980 -2015 കാലത്തെ (ഓന്റെയും ഓളുടെയും അഞ്ചുമുതൽ നാല്പതുവയസ്സുവരെയുള്ള കാലം) സൂക്ഷ്മവും ആയ ചരിത്രമാണ്. അതേസമയം തികച്ചും വൈയക്തികവും സ്വകാര്യവുമായ അനുഭവങ്ങളുടെ ഭൂതിയും അനുഭൂതിയുമാണത്. അവർ കോഴിക്കോടിന്റെ പ്രാന്തപ്രദേശവാസികളും സുന്നി മുസ്ലിംനാമധാരികളും ലിബറൽ മതേതരവാദികളും ദേശാന്തരികളും ആണ്. പരസ്പരം സ്നേഹിക്കുകയും കാമിക്കുകയും നിരസിക്കുകയും സ്വീകരിക്കുകയും ചെയ്തവരാണ്. അങ്ങോട്ടുമിങ്ങോട്ടും അധികാരം സ്ഥാപിക്കാനോ അതിനു വഴങ്ങാനോ ഒരുമ്പെടാത്തവരാണ്. ഒരേസമയം കാലപരിണാമലോലുപതകളുടെ ഇരകളും വേട്ടക്കാരും മാത്രമല്ല, ഇടനിലക്കാരുമായി ഓടാനും ആടാനും തളരാനും ഇടയായവർ. അവരുടെ ഈ നോവൽജീവിതം കേരളത്തിന്റെ, മലയാളിയുടെ, മലയാളത്തിന്റെ ഒരു വിവിക്തവീഥി വെട്ടിത്തെളിക്കുന്നുണ്ടെന്നുള്ളതു വ്യക്തം; നിങ്ങൾ അതു കാണുന്നുണ്ടോ എന്നത് അത്ര വ്യക്തമല്ലെങ്കിലും.

'ഒരു ദേശം ഓനെ വരയ്ക്കുന്നു' ഒരു ദേശചരിത്രനോവലാണ്. എന്നാൽ, അതു മുൻകാലത്തേതിൽനിന്നു വ്യത്യസ്തമായി ദേശത്തിന്റെ ചരിത്രത്തെ നിസ്സാരപ്പെടുത്തുകയോ (Trivialise) പ്രതീതിപ്പെടുത്തുകയോ (Virtualising) ചെയ്തുകൊണ്ട് ദേശചരിത്രപരമല്ലാത്ത നോവലായും മാറുന്നു. ഇത് ഒരു ഗൃഹാതുരനോവലാണ്. എന്നാൽ, ഇതൊരു വിപരീതഗൃഹാതുരതയിലേക്ക് (rev-erse nosalgia) വളരുന്നു. ഓനും ഓളും യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നത് പുതിയ കാലത്തിന്റെ ഉപകരണലോകത്തെ പഴയ കാലത്തിന്റെ ശൂന്യതയിലേക്കു കൊണ്ടുപോയി പ്രതിഷ്ഠിക്കാനാണ്. അതായത്, മൊബൈൽ ഫോണും കോക്കകോലയും അമേരിക്കയുമായി 1980കളിലേക്ക് ഒരു തിരിച്ചുപോക്ക്. ഇപ്പോഴത്തെ ചുംബനലഭ്യത ഇപ്പോൾ അനുഭവിക്കാനല്ല, അതുമായി പഴയ ചുബന -അലഭ്യതയിലേക്ക് അല്ലെങ്കിൽ അലഭ്യചുംബനതയിലേക്കു തിരിച്ചുപോകാനാവർ ആഗ്രഹിക്കുന്നു. അഭിലാഷത്തിന്റെ വർത്തമാനകാലലഭ്യതയോ ഭാവികാലലഭ്യതയോ അവ സൃഷ്ടിച്ചേക്കാനിടയുള്ള അസംതൃപ്തിയോ അല്ല അവരുടെ സംഘർഷത്തിന്റെ ഹേതു; നേരേമറിച്ച്, ഭൂതകാലത്തിലെ അതിന്റെ അലഭ്യതയാണ്. ഇപ്പോഴത്തെ ലഭ്യതയെ ഭൂതകാലത്തിൽ എത്തിക്കാനുള്ള വിപരീതകാമന (rev-erse desire) ആണ് അവരുടേത്. അത് അനന്തമായ അലഭ്യതയും അനന്തമായ കാമനയും സൃഷ്ടിക്കുന്നു. ഇത് വിപരീതവും അപരിഹാര്യവുമായ അനന്തതയാണ്. ഭാവിയെ സ്വപ്നങ്ങൾ കൊണ്ടു നേരിടുന്നതുപോലെയല്ല, ഭൂതത്തെ ഓർമകൾ കൊണ്ടുനേരിടുന്നത്. ഓർമകളുടെ (ഗൃഹാതുരതയുടെ) ഭൂതങ്ങൾ ഓനെയും ഓളെയും ബാധിക്കുന്നത് അങ്ങനെയാണ്. ഒപ്പം, ഇതൊരു പ്രേമദുരന്തകഥയുമാണ്. എന്നാൽ, ആധുനികോത്തരമായ യന്ത്രോപകരണങ്ങളാൽ സമ്പന്നമായിരുന്നു ഭൂ

തകാലമെങ്കിൽ അവരുടെ പ്രേമം നിറവേറുകയും അങ്ങനെ, ഇപ്പോൾ നോവലിൽ കാണുന്ന മുഴുവൻ സ്മൃതിധാരകളും അപ്രസക്തമാവുകയും ചെയ്തിരുന്നേനേ. അങ്ങനെയെങ്കിൽ, ആ മട്ടിലും അല്ലാതെയും അതൊരു പ്രേമദുരന്തമായിരുന്നേനേ. ആ നിലയ്ക്ക് ഇതൊരു പ്രേമദുരന്തത്തെ നിഷേധിക്കുന്ന നോവലും ആയിത്തീരുന്നു.

സാഹിത്യത്തിലും ജീവിതത്തിലും ആധുനികപൂർവ്വവും ആധുനികവും ആധുനികോത്തരവുമായ (അതിന്റെ ഉത്തരകാലംവരെയും) ത്രികാലപ്പകർച്ചകളെയും അവയുടെ കാലവിഷമങ്ങളെയും ആധാരമാക്കേണ്ടിവന്ന ഒരു വിചിത്രതലമുറയുടെ ആൺപെൺ യുഗ്മജീവിതം (സംഭോഗവും വിപ്രലംഭവും) പൊതുവിൽ ചിത്രീകരിക്കപ്പെടുന്നു എന്നതാണ് എൻ.വി. മുഹമ്മദ് റാഫിയുടെ 'ഒരു ദേശം ഓനെ വരയ്ക്കുന്നു' എന്ന നോവലിന്റെ ചരിത്രപ്രസക്തിയും സാഹിത്യപ്രസക്തിയും. ഉത്തരകേരളത്തിലെ ലിബറൽ മുസ്ലിം വിഭാഗത്തിൽപ്പെട്ടവരും സെക്യുലറും മതനിരാസപരവുമായ ജീവിതം നയിക്കുന്നവരുമായ മുഖ്യകഥാപാത്രങ്ങളുടെ ചിത്രീകരണത്തിലൂടെ അത് ചരിത്രത്തിന്റെ, ഏടിനേക്കാൾ വലുതാകുന്ന, അടർത്തിമാറ്റാനാകാത്ത, അടിക്കുറിപ്പായിത്തീരുന്നു എന്നത് ആ പ്രസക്തികളുടെ ആഴം ഏറ്റുന്നു. മലയാളനോവലിന്റെ വലിയ ഒഴുക്കിൽ, ഇതൊരു ഒറ്റപ്പെട്ട അടിയൊഴുക്കായി, മുകൾപ്പരപ്പിൽ, ഒറ്റപ്പെട്ട ചുഴിയായി കറങ്ങിത്തിരിയുന്നു. ആരു പരിഗണിച്ചാലും അവഗണിച്ചാലും ഈ ചുഴിയും അടിയൊഴുക്കും ഇവിടെ ഉണ്ട്.